# 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ്

## 2005-ലെ 5-ാം ആക്റ്റ്

### ഉള്ളടക്കം

പീഠിക

വകുപ്പുകൾ:

1. ചുരുക്കപ്പേരും പ്രാരംഭവും
2. 6-ാം വകുപ്പിനുള്ള ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

2005-ലെ 5-ാം ആക്റ്റ്

# 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ്*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ആറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ വിജ്ഞാപനം ചെയ്യുന്ന സ്ഥാനങ്ങളുടെ എണ്ണം,—

(എ) ഒരു ഗ്രാമ പഞ്ചായത്തിന്റെ സംഗതിയിൽ പന്ത്രണ്ടിൽ കുറയാനോ ഇരുപത്തിരണ്ടിൽ കവിയാനോ;

(ബി) ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ സംഗതിയിൽ പന്ത്രണ്ടിൽ കുറയാനോ ഇരുപത്തിരണ്ടിൽ കവിയാനോ;

(സി) ഒരു ജില്ലാ പഞ്ചായത്തിന്റെ സംഗതിയിൽ പതിനാറിൽ കുറയാനോ മുപ്പത്തിരണ്ടിൽ കവിയാനോ പാടുള്ളതല്ല:

എന്നാൽ, ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ജനസംഖ്യയും അപ്രകാരമുള്ള പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് മുഖാന്തിരം നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം പ്രായോഗികമാകുന്നിടത്തോളം സംസ്ഥാനത്തൊട്ടാകെ ഒന്നുതന്നെയായിരിക്കേണ്ടതാണ്".

* Received the assent of the Governor on the 8th day of March, 2005 and published in the Kerala Gazette Extraordinary No. 527 dated 9th March, 2005.

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of the "2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 5 OF 2005

## THE KERALA PANCHAYAT RAJ (SECOND AMENDMENT) ACT, 2005

*An Act further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 (13 of 1994), for the purposes hereinafter appearing;

BE it enacted in the Fifty-sixth year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called The Kerala Panchayat Raj (Second Amendment) Act, 2005.

(2) It shall come into force at once.

2. *Amendment of section 6.*— In the Kerala Panchayat Raj Act, 1994 (13 of 1994), in section 6, for sub-section (3), the following sub-section shall be substituted, namely:—

"(3) The number of seats to be notified under sub-section (1) or sub-section (2) shall not,—

(a) in the case of a Village Panchayat, be less than twelve or more than twenty-two;

(b) in the case of a Block Panchayat, be less than twelve or more than twenty-two;

(c) in the case of a District Panchayat, be less than sixteen or more than thirty-two:

Provided that the ratio between the population of the territorial area of a Panchayat at any level and the number of seats in such Panchayats to be filled by election shall, so far as practicable, be the same throughout State.".

LIBRARY ARCHIVES Kerala Legislative Assembly